## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.410** **9/02/2016-ൽ മറുപടിക്ക്**

## പുതിയ വൈദ്യുതി കണക്ഷനുകൾ

**ചോദ്യം**

ശ്രീ. എ.റ്റി. ജോർജ്
,, എ.പി. അബ്ദുള്ളക്കുട്ടി
,,ടി.എൻ. പ്രതാപൻ
,, എം.പി. വിൻസെന്റ്.

(എ) പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

**(എ)യും (ബി)യും**

2015-16 വർഷത്തിൽ 4,60,000 ത്തോളവും 2016-17 -ൽ 4,00,000 ത്തോളവും പുതിയ വൈദ്യുതി കണക്ഷനുകൾ നല്കാനാണ് കെ.എസ്.ഇ.ബി.ലിമിറ്റഡ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി 2015-16 -ലെ വാർഷിക പദ്ധതിയിൽ 65.83 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2015 ഡിസംബർ 31 വരെ 1,41,251 ഗാർഹിക കണക്ഷനുകൾ ഉൾപ്പെടെ 2,78,808 പുതിയ വൈദ്യുതി കണക്ഷനുകൾ ബോർഡ് നൽകിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ അപേക്ഷിച്ചവരിൽ ഇനി 2278 പേർക്കു മാത്രമെ വൈദ്യുത കണക്ഷൻ നൽകുവാനുള്ളൂ. അത് നൽകി കൊണ്ടിരിക്കുകയാണ്, ഇതിൽ ഗുണഭോക്താവ് സ്വന്തം ചിലവിൽ എടുത്ത കണക്ഷനുകൾ, RGGVY പദ്ധതി പ്രകാരം നൽകിയ കണക്ഷനുകൾ, പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY പ്രകാരം നൽകിയ കണക്ഷനുകൾ എന്നിവ ഉൾപ്പെടും. കേന്ദ്രാവിഷ്കൃത പദ്ധതിയായ RGGVY (രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി കണക്റ്റഡ് ലോഡ് പരിധിയില്ലാതെ എല്ലാ

(....2)

ബി.പി.എൽ. അപേക്ഷകർക്കും ബോർഡ് സൗജന്യമായി ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകിയിരുന്നു. കൂടാതെ മറ്റു വിഭാഗക്കാർക്ക് RGGVY പദ്ധതിയിൽപ്പെടുത്തി ഓവർ ഹെഡ് ലൈനുകൾ നിർമ്മിച്ച് W.P. കണക്ഷനു വേണ്ട തുക ഈടാക്കിയും ഗാർഹിക കണക്ഷനുകൾ നൽകിയിരുന്നു. ഇപ്പോൾ നിലവിലുള്ള പദ്ധതിയായ DDUGJY (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന) പ്രകാരം ഗ്രാമീണ മേഖലയിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് സൗജന്യമായി കണക്ഷനുകൾ നൽകാനാകും. ഇതു വഴി സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകണമാണ് ലക്ഷ്യമിടുന്നത്.

(സി) പ്രസ്തുത പരിപാടികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(സി) 2015-16, 2016-17 വർഷത്തിലെ വാർഷിക പദ്ധതി ബോർഡ് അംഗീകരിച്ചിട്ടുണ്ട്. 2015-16ലേയ്ക്കുള്ള purchase plan അംഗീകരിച്ച് സാധന സാമഗ്രികൾ വാങ്ങുന്നതിന് ചീഫ് എഞ്ചിനീയർ (SCM) നെയും മേഖലാ ചീഫ് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സർവ്വീസ് കണക്ഷൻ നൽകുന്ന പ്രവൃത്തികളുടെ പുരോഗതി എല്ലാ മാസവും വിലയിരുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ഓഫീസിന് രൂപം കൊടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ